പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 898 — 08.03.2012 ൽ മറുപടിയ്ക്ക്

## സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി ലഭ്യമാക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ എം. ഉമ്മർ | ശ്രീ ഷിബുബേബി ജോൺ (തൊഴിലും പുനരധിവാസവും ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി ലഭ്യമാക്കുന്ന സാധനങ്ങളുടെ വില പൊതുമാർക്കറ്റിലേതിനെക്കാൾ കുറവാണെന്ന് ഉറപ്പു വരുത്താറുണ്ടോയെന്ന് വ്യക്തമാക്കുമോ; | എ) സർക്കാർ നിശ്ചയിക്കുന്ന സബ്സിഡി വിലകൾക്കാണ് സപ്ലൈകോയിൽ നിന്നും അവശ്യ സാധനങ്ങൾ വിതരണം ചെയ്ത് വരുന്നത്. ഈ വിലകൾ പൊതു വിപണിയേക്കാൾ ശരാശരി 50% വരെ കുറവാണ്. ഉപഭോക്താക്കൾക്ക് കൂടുതൽ അളവിൽ അവശ്യ സാധനങ്ങൾ വിതരണം ചെയ്യാൻ ഏർപ്പെടുത്തിയിട്ടുള്ള ഫ്രീസെയിൽ സബ്സിഡി നിരക്കുകളും പൊതു വിപണിയേക്കാൾ 20% വരെ കുറഞ്ഞവയാണ്. ഇവയ്ക്ക് പുറമേ ശബരി ബ്രാൻഡ് ഉൽപ്പന്നങ്ങളും FMCG ഉൽപ്പന്നങ്ങളുമാണ് വിതരണം ചെയ്യുന്നത്. ശബരി ബ്രാൻഡ് ഉൽപ്പന്നങ്ങൾ പൊതു വിപണി വിലകളെക്കാൾ ശരാശരി 20% വരെ കുറഞ്ഞ നിരക്കിലും FMCG ഉൽപ്പന്നങ്ങൾ MRP യേക്കാൾ 10% വരെ കുറഞ്ഞ നിരക്കിലുമാണ് വിതരണം ചെയ്യുന്നത്. |

| | | | |
|---|---|---|---|
| ബി) | ഇവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) | ഡിപ്പോ തലത്തിൽ സാങ്കേതിക പരിജ്ഞാനമുള്ള ജൂനിയർ മാനേജർ (ക്വാളിറ്റി അഷ്വറൻസ്) ഉൾപ്പെടെ ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഗുണനിലവാരമുള്ള സാധനങ്ങൾ മാത്രമേ സ്വീകരിക്കുന്നുള്ളൂ. സംശയാസ്പദമായ സാഹചര്യങ്ങളിൽ അംഗീകാരമുള്ള ലാബുകളിൽ പരിശോധന നടത്താറുണ്ട്. |
| സി) | കാലപ്പഴക്കംമൂലം സാധനങ്ങൾ പാഴായിപ്പോകാറുണ്ടോയെന്ന് വ്യക്തമാക്കുമോ? | സി) | ഡിപ്പോകളിലെ ആവശ്യമനുസരിച്ച് മാത്രമാണ് സാധനങ്ങൾക്ക് ഓർഡർ കൊടുക്കുന്നത്. അതിനാൽ കാലപ്പഴക്കം മൂലം സാധനങ്ങൾ പാഴാകുന്ന സാഹചര്യം ഇല്ല. |

സെക്ഷൻ ഓഫീസർ